4

# പേരുകൾ ദൈവത്തിന്റെ പങ്കിനെ പ്രതിഫലിപ്പിക്കുന്നു

തന്റെ ജനത്തിന്റെ ജീവിതത്തിൽ ദൈവത്തിന്റെ പങ്കു സൂചിപ്പിക്കുന്നതാണ് പഴയ നിയമത്തിൽ ദൈവത്തിന്റെ പല പദവികളും. ഈ പാഠത്തിൽ ആ പേരുകളിൽ ചിലതു എടുത്തു നാം ദൈവത്തെ എങ്ങനെ കാണണം എന്നു നോക്കാം.

### "ന്യായാധിപതി"

ഉല്പത്തി 18:25-ൽ തന്റെ അപേക്ഷ അബ്രഹാം സമർപ്പിച്ചപ്പോൾ അവൻ ദൈവത്തെ, ഷോഫെറ്റ് "ന്യായാധിപതി" എന്നാണ് പറഞ്ഞതു. സോദോമിലും ഗൊമോറയിലും ദുഷ്ടന്മാരോടുകൂടെ നീതിമാന്മാരും ഏതെങ്കിലും നീതിമാൻ കഷ്ടത അനുഭവിക്കും എന്നു അബ്രഹാം വിചാരിച്ചില്ല. അതുകൊണ്ട്, ദൈവം സകല ഭൂമിക്കും *ഷോഫെറ്റ്*, ന്യായാധിപതി ആകയാൽ നീതി പ്രവർത്തിക്കണമേ എന്നു അബ്രഹാം അവനോടു അപേക്ഷിച്ചു.

ഈ പ്രത്യേക സന്ദർഭത്തിൽ ഒരു മനുഷ്യനു നീതി പ്രത്യക്ഷമായി തോന്നിയതു ദൈവ ദൃഷ്ടിയിലും നീതിയായിരുന്നു. എങ്ങനെയായാലും, ചിലപ്പോൾ ദൈവം അനീതി പ്രവർത്തിക്കുന്നു എന്നു മനുഷ്യർക്കു തോന്നാം. ദൈവത്തിനു അനീതി പ്രവർത്തിക്കുവാൻ കഴികയില്ല. കാരണം അവന്റെ സ്വഭാവം തന്നെ നീതിയാണ്. അവൻ "ദോഷം കണ്ടുകൂടാത്തവണ്ണം നിർമ്മല ദൃഷ്ടിയുള്ളവനാകുന്നു" (ഹബക്കൂക്ക് 1:13). "അവന്റെ വഴികൾ ഒക്കെയും ന്യായം, അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ, നീതിയും നേരും ഉള്ളവൻ തന്നേ" (ആവർത്തനപുസ്തകം 32:4); "നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു" (സങ്കീർത്തനങ്ങൾ 89:14).

നീതി പ്രദർശിപ്പിക്കുന്ന ദൈവത്തിന്റെ നിയമങ്ങൾ പലതും (ലേവ്യാപുസ്തകം 19:18; ആവർത്തനപുസ്തകം 4:8; 23:24, 25; 24:10–22) അവന്റെ തീരുമാനങ്ങൾക്കു നല്ലകാരണങ്ങൾ ഉണ്ടെന്നു നമ്മെ വിശ്വസിപ്പിക്കുന്നവയാണ്. അനുജാതിക്കാരുടെ മക്കളെ നശിപ്പിക്കുന്നതിലും അവൻ നീതിമാനായിരുന്നു (1 ശമൂവേൽ 15); അതുകൊണ്ട് ശൗലിന്റെ ഏഴുമക്കളെ അവൻ തൂക്കി കളഞ്ഞു (2 ശമുവേൽ 21:3, 5, 6); നിയമരാഹിത്യത്തെ അവൻ നിരസിച്ചതുകൊണ്ടാണ്. മോവാബ്യരേയും അമ്മോന്യരേയും (ആവർത്ത നപുസ്തകം 23:2–6); ചുഴലിക്കാറ്റും രോഗവും ബാധിക്കുവാൻ അവൻ അനുവദിച്ചു. ദൈവം മനസ്സിലുള്ളതെല്ലാം കൃത്യമായി വിവേചിച്ചു മനസ്സിലാക്കുവാൻ മാനുഷവിവേകം അപര്യാപ്തമത്രെ. ചിലപ്പോൾ ഷോഫെറ്റ്, സകല ഭൂമിയുടേയും ന്യായാധിപതിയായ ദൈവം ചെയ്യുന്ന കാര്യങ്ങൾ പ്രായോഗികമായി അബ്രഹാമിന്റേതു പോലെ പ്രായോഗിക വിശ്വാസമുണ്ടാകുവാനായിരിക്കും.

അവൻ എല്ലാ അനീതിയെയും തിരുത്തും എന്നു ദൈവസ്വഭാവം കാണിക്കുന്നു. പലപ്പോഴും, തന്റെ ആഴമേറിയ ജ്ഞാനത്തിൽ, അവൻ ഈ ലോകത്തിൽ തന്നെ തിരുത്തലുകൾ ഹേബിലിന്റേയും നാബോത്തിന്റേയും സംഭവത്തിലെന്നപോലെ നടത്താറില്ല (ഉല്പത്തി 4:8; 1 രാജാക്കന്മാർ 21:1–16). ധനവാന്റേയും ലാസറിന്റേയും സംഭവം വിരൽ ചൂണ്ടുന്നതുപോലെ ശരിയാക്കൽ അടുത്ത ലോകത്തിലായിരിക്കും. എങ്ങനെയായാലും, എന്നെങ്കിലും ദൈവം കാര്യങ്ങൾ ശരിയാക്കും. ഇക്കാരണത്താൽ സഭാ പ്രസംഗി 5:8 ഓർക്കുക: “ഒരു സംസ്ഥാനത്തു ദരിദ്രനെ പീഡിപ്പിക്കുന്നതും നീതിയും ന്യായവും എടുത്തു കളയുന്നതും കണ്ടാൽ നീ വിസ്മയിച്ചു പോകരുത് ഉന്നതനു മീതെ ഒരു ഉന്നതനും അവർക്കു മീതെ ഒരു ഉന്നതനും ജാഗരിക്കുന്നു.”

### **“ഇടയൻ”**

ദൈവികത്വത്തെ പ്രത്യേകമായി ഉറപ്പിക്കുന്ന വിവരണമാണ് ഉല്പത്തി 49:24 ലെ *റോ'ഏ*, “ഇടയൻ” *റോഏ* ഇടയൻ ആയ ദൈവം അവനെ കരുതിക്കൊള്ളും എന്നു യാക്കോബ് പറഞ്ഞപ്പോൾ നല്ലൊരു ചിന്തയായിരുന്നു അവൻ യോസേഫിന്റെ ഉള്ളിൽ നല്കിയത് “യോസേഫിനെ ഒരു ആട്ടിൻകൂട്ടത്തെ പോലെ” നയിച്ച യഹോവയെ *റോഏ,* യിസ്രായേലിന്റെ ഇടയനായി, ദാവീദ് വീര്യം കാണുകയുണ്ടായി (സങ്കീർത്തനങ്ങൾ 80:1). ദൈവ ജനത്തെ എല്ലാം അവൻ കാണുന്നത് അവന്റെ “മേച്ചിൽ പുറത്തെ ആടുകൾ” ആയിട്ടാണ് (സങ്കീർത്തനങ്ങൾ 100:3). അവന്റെ *റോഏ*യിൽ, ഇടയത്വത്തിലുള്ള ആടുകളോടു അവന്നു പ്രത്യേക താല്പര്യമുണ്ട് (സങ്കീർത്തനങ്ങൾ 23).

യെഹെസ്ക്കേലിന്റെ കാലത്തു, പ്രവാചകന്മാരും, പുരോഹിതന്മാരും, രാജാക്കന്മാരും - യിസ്രായേലിലെ ഇടയന്മാർ ആകേണ്ടവൻ, കാർത്താവിനെ പ്രതിനിധീകരിക്കുന്നവർ - വിശ്വസിക്കത്തക്കവരല്ലെന്നു തെളിയിച്ചു. “തങ്ങളെത്തന്നെ മേയിക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്കു അയ്യോ കഷ്ടം” (യെഹെസ്ക്കേൽ 34:2). നയിക്കേണ്ട

ആടുകൾ ''ഉഴന്നു നടന്നു'' ആരും അവയെ തിരയുകയോ, അന്വേഷിക്കയോ ചെയ്തില്ല (യെഹെസ്ക്കേൽ 34:6). അപ്പോൾ, വലിയ *റോഹ്ഹ* സ്വർഗ്ഗീയ ഇടയൻ പറഞ്ഞു, "ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞു നോക്കും" (യെഹെസ്ക്കേൽ 34:11).

ദൈവം തന്റെ വചനം എങ്ങനെ നിറവേറ്റി എന്നു യേശുവിൽ നമുക്കു കാണാൻ കഴിയും. ദൈവം പറഞ്ഞു "അവയെ മേയിക്കേണ്ടതിന്നു ഞാൻ ഒരേ ഇടയനെ അവക്കായി നിയമിക്കും; എന്റെ ദാസനായ ദാവീദിനെ തന്നേ. ഞാൻ അവയെ മേയ്ച്ചു അവെക്കു ഇടയനായിരിക്കും'' (യെഹെസ്ക്കേൽ 34:23). പ്രവചിക്കപ്പെട്ട ''ദാവീദ്'', യേശു മുൻപുണ്ടായിരുന്ന ദൈവത്തിന്റെ വാടക ഇടയന്മാരെപോലെ ആയിരിക്കയില്ല. അവൻ നല്ല ഇടയനായി, ആടുകൾക്കു വേണ്ടി തന്റെ ജീവനെ വെച്ചു കൊടുക്കുന്നവനാകും (യോഹന്നാൻ 10:11). അവനെ വെട്ടും (സെഖര്യാവു 13:7; മത്തായി 26:31), എന്നാൽ ദൈവം "നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കിവരുത്തി" (എബ്രായർ 13:20). "നാം തുടർച്ചയായി തെറ്റിപ്പോയ ആടുകളെപോലെ" ആയിരുന്നു എങ്കിലും, ഈ നിയമം മുഖാന്തരം "ഇപ്പോഴോ [നമ്മുടെ] ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു" (1 പത്രൊസ് 2:25). യെഹൂദന്നു, അതിന്റെ ഫലമായി ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും (യോഹന്നാൻ 10:16).

പഴയ നിയമത്തിൽ ദൈവം മനുഷ്യരിൽ നിന്നു തന്നെ പ്രതിനിധീകരിക്കേണ്ടതിന്നു ചെറിയ ഇടയന്മാരെ തിരഞ്ഞെടുത്തിരുന്നു; അതുപോലെ, സഭയിലെ മൂപ്പന്മാർ ഇന്നു ഇടയന്മാരാണ് (1 പത്രൊസ് 5:1, 2). ദൈവത്തിന്റെ കൂട്ടത്തെ കരുതലോടെ മേയിക്കുക എന്നതാണ് അവരുടെ ജോലി (പ്രവൃത്തികൾ 20:28; 1 പത്രൊസ് 5:1-4). പഴയ നിയമത്തിലെ ചെറിയ ഇടയന്മാർ വലിയ *റോഹ്ഹക്കു* കണക്കു കൊടുക്കേണ്ടിയിരുന്നതുപോലെ, കർത്താവിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്ന ഇടയന്മാരും അവരുടെ ഇടയശ്രേഷ്ഠനു കണക്കു കൊടുക്കണം (1 പത്രൊസ് 5:4).

ഒരു ദിവസം ഇടയ ശ്രേഷ്ഠൻ നേരിട്ടു പ്രത്യക്ഷനാകും:

> ഇതാ, യഹോവയുടെ കർത്താവു ബലശാലിയായി വരുന്നു; അവന്റെ ഭുജം അവന്നു വേണ്ടി ഭരണം ചെയ്യുന്നു; ഇതാ, കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ട്. ഒരു ഇടയനെ പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തുമാർവ്വിടത്തിൽ ചേർത്തു വഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും (യെശയ്യാവു 40:10, 11).

### "രാജാവു"

ഉയർന്നും പൊങ്ങിയും ഇരിക്കുന്ന സിംഹാസനത്തിൽ ഇരിക്കുന്ന *മെലെക്ക്,* "രാജാവിനെ" യെശയ്യാവു കണ്ടു. അവന്റെ സാന്നിദ്ധ്യവും വസ്ത്രത്തിന്റെ തേജസ്സും കൊണ്ട് ദൈവാലയം നിറഞ്ഞിരിക്കുന്നു.

“യഹോവ എന്നെന്നേക്കും രാജാവാകുന്നു” (സങ്കീർത്തനങ്ങൾ 10:16). അവന്റെ അധികാരം വളരെ - വിസ്തൃതമാണ്. “ഇതാ ജാതികൾ തുലാക്കൊട്ടയിലെ ഒരു തുള്ളി പോലെയും തുലാസിലെ ഒരു പൊടി പോലെയും അവന്നു തോന്നുന്നു” (യെശയ്യാവു 40:15). യഹോവ ജലപ്രളയത്തിന്മേൽ രാജാവായിരുന്നപ്പോൾ (സങ്കീർത്തനങ്ങൾ 29:10), അവന്റെ തീരുമാനം തികഞ്ഞതു തന്നെയായിരുന്നു. അവന്റെ ഭരണം പരിധിയില്ലാത്ത ഏകാധിപത്യം തന്നേ.

ക്രിസ്തീയ കാലത്തിൽ അവന്റെ പുത്രനു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നല്കിയതു (മത്തായി 28:18) ‘‘സകല വംശങ്ങളുടെയും രാജാവിനു” പ്രസാദകരമായിത്തീർന്നു (വെളിപ്പാട് 15:3). “നീ രാജാവു തന്നെയോ?” എന്ന പിലാത്തൊസിന്റെ ചോദ്യത്തിനു (യോഹന്നാൻ 18:37), യേശു ഉചിതമായി മറുപടി കൊടുത്തു: “നീ പറഞ്ഞതുപോലെ ഞാൻ രാജാവു തന്നെ, സത്യത്തിനു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചു; അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു” (യോഹന്നാൻ 18:37). എങ്ങനെയായാലും, അവൻ നാടുവാഴിയോടു പറഞ്ഞതു തന്റെ രാജ്യം ഐഹികമല്ല എന്നാണ് (യോഹന്നാൻ 18:36). ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ അധികാരത്വത്തെയും സാത്താൻ കാണിച്ചു കൊടുത്തു നല്കാമെന്നു പറഞ്ഞപ്പോൾ അവൻ നിരസിക്കയുണ്ടായി (മത്തായി 4:8, 9). തന്റെ അനുയായികൾ അവനെ ഒരു രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവൻ അതു നിഷേധിക്കയുണ്ടായി (യോഹന്നാൻ 6:15). അവൻ കഴുതപ്പുറത്തു കയറി യെരുശലേമിലേക്കു ഒരു രാജാവു എന്നു പറഞ്ഞു പോയപ്പോൾ, പടയാളികൾ ഉണ്ടായിരുന്നില്ല; അവൻ കൈസറിന്നു എതിരായി വരുന്നു എന്നു വിചാരിച്ചുമില്ല (യോഹന്നാൻ 12:15). വാസ്തവത്തിൽ, യേശു രാജാവായിരുന്നില്ല; സ്വർഗ്ഗത്തിൽ മടങ്ങിച്ചെല്ലുന്നതുവരെ ആയതുമില്ല. എന്നിട്ടും, തന്നെ സ്നേഹിച്ചവരുടെ സ്തുതി അവൻ സ്വീകരിച്ചു, അവരുടെ ഹൃദയങ്ങളിൽ അവൻ വാഴുകയും ചെയ്തു.

യേശു അനുസരണം പഠിച്ചു (എബ്രായർ 5:8), മരണത്തെ ജയിച്ചപ്പോൾ (എബ്രായർ 2:14), അവൻ ഉയരത്തിലേക്കു ആരോഹണം ചെയ്തു. യേശു സ്വർഗ്ഗീയ കവാടത്തിൽ സമീപിച്ചപ്പോൾ സ്വർഗ്ഗത്തിൽ സന്തോഷം നിറഞ്ഞു. വാതിലുകളും കതകുകളും ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി:

> വാതിലുകളെ നിങ്ങളുടെ തലകളെ ഉയർത്തുവിൻ പണ്ടേയുള്ള കതകുകളെ ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവു പ്രവേശിക്കട്ടെ! (സങ്കീർത്തനങ്ങൾ 24:7).

വാതിലുകളും കതകുകളും ‘‘ആരാണീ മഹത്വത്തിന്റെ രാജാവു” എന്നു ചോദിച്ചപ്പോൾ ലഭിച്ച മറുപടി, “ബലവാനും വീരനുമായ യഹോവ തന്നെ’’ (സങ്കീർത്തനങ്ങൾ 24:8) ‘‘സൈന്യങ്ങളുടെ യഹോവതന്നെ മഹത്വത്തിന്റെ രാജാവു” (സങ്കീർത്തനങ്ങൾ 24:10).

വാസ്തവത്തിലുള്ള വാഴ്ച്ചതുടങ്ങുന്നതു തന്റെ ആരോഹണത്തിനു

പത്തു ദിവസങ്ങൾക്കു ശേഷം ആയിരുന്നു. അതു ദൈവം നിയമിച്ച പെന്തെക്കൊസ്തു നാളിൽ ആയിരുന്നു. പിതാവായ ദൈവം തന്റെ പുത്രനെ ക്ഷണിച്ചു പറഞ്ഞു, ''ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതു ഭാഗത്തിരിക്ക'' (സങ്കീർത്തനങ്ങൾ 110:1). അവസാന ശത്രുവും നശിപ്പിക്കപ്പെടുവോളം അവൻ വാഴേണമെന്നത്രേ ദൈവ നിശ്ചയം (1 കൊരിന്ത്യർ 15:25, 26). ആലങ്കാരികമായി പറഞ്ഞാൽ, ദൈവം അവന്റെ തലയിൽ അഭിഷേക തൈലം ആ പെന്തെക്കൊസ്തു ഞായറാഴ്ച്ച ഒഴിച്ചു (എബ്രായർ 1:8, 9), അതു ഏ.ഡി. 30 മെയ് 26 ന് ആയിരിക്കാൻ സാധ്യതയുണ്ട്. യേശു തീർച്ചയായും "അനുഗ്രഹീതനായ ഏക പരമാധികാരിയും, കർത്താധി കർത്താവും രാജാധിരാജാവുമായി" (1 തിമൊഥെയൊസ് 6:15).

അവൻ തന്റെ പിതാവായ ദാവീദിന്റെ സിംഹാസനത്തിൽ ആണ് ഇരുന്നു വാഴുന്നതെങ്കിലും, അവന്റെ വാഴ്ച്ച പ്രാകൃതമോ, ജഡികമോ അല്ല. ''ദയാ പൂർണ്ണതയിൽ'' ആയിരുന്നു അവന്റെ സിംഹാസനം സ്ഥാപിതമായതു. അതിൽ ഇരിക്കുന്നവൻ ന്യായവും ''നീതി വരുത്തുന്നവനും" ആയിരിക്കും (യെശയ്യാവു 16:5). അവന്റെ രാജ്യം നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ഉള്ളതായിരിക്കും (റോമർ 14:17).

മരിച്ചവരെ എല്ലാവരെയും അവൻ ഉയിർപ്പിക്കുമ്പോൾ, പിന്നെ അവസാന ശത്രുവായ മരണം നീങ്ങിപ്പോകും (1 കൊരിന്ത്യർ 15:26). ആ സമയത്തു അവൻ രാജ്യം പിതാവിന്നു ഏല്പിച്ചു കൊടുക്കും (1 കൊരിന്ത്യർ 15:24). സകലവും അവന്നു കീഴ്പ്പെട്ടുവന്ന ശേഷം മനുഷ്യരും ദൂതന്മാരും അവനും സകലവും കീഴാക്കി കൊടുത്ത ദൈവത്തിനു കീഴ്പ്പെട്ടിരിക്കും (1 കൊരിന്ത്യർ 15:28).

## "വീണ്ടെടുപ്പുകാരൻ"

മനുഷ്യരുമായുള്ള ബന്ധത്തിൽ ദൈവത്തിന്റെ മറ്റൊരു പങ്കാണ് *ഗോ'ഏൽ* അതു സൂചിപ്പിക്കുന്നതു പ്രതികാരി, പ്രതികാരം കൊടുക്കുന്നവൻ, അല്ലെങ്കിൽ വീണ്ടെടുപ്പുകാരൻ എന്നാണ്. ആ പേർ ശലോമോൻ സദൃശവാക്യങ്ങൾ 23:10, 11 ലും ഇയ്യോബ്, ഇയ്യോബ് 19:25-27 ലും ഉപയോഗിച്ചിട്ടുണ്ട്.

### ഒരു പ്രതികാരി

ദൈവം, ഒരു ഗോ*'ഏൽ* ആയി, യിസ്രായേലിന്റെ പ്രതികാരി അല്ലെങ്കിൽ വീണ്ടെടുപ്പുകാരൻ ആയിരുന്നു. അതിരുമാറ്റി ഭൂമി കവർന്നെടുക്കുന്നതു അവൻ ഗൗരവമായി എടുത്തിരുന്നു: അനാഥരുടെ അവകാശങ്ങളെ മറിച്ചുകളയുന്നതു അവന്റെ ദൃഷ്ടിയിൽ ഗൗരവമേറിയതായിരുന്നു (സദൃശവാക്യങ്ങൾ 23:10). നഷ്ടപ്പെടുന്ന വർക്കു ഒരു *ഗോ'ഏൽ,* വീണ്ടെടുപ്പുകാരൻ ആവശ്യമായിരുന്നു. ദൈവത്തിന്റെ നിയമാവലികളിൽ ഒന്നായി ശലോമോൻ ഇതിനെ കണ്ടിരുന്നു. അവൻ ദൈവത്തെ "ബലവാൻ'' എന്നു പറയുകയും അവൻ ''അവർക്കു വേണ്ടി വ്യവഹാരം നടത്തും" എന്നും പറഞ്ഞു

(സദൃശവാക്യങ്ങൾ 23:11).

ഇയ്യോബ് ബാധിക്കപ്പെട്ടപ്പോൾ - ആരും, അവന്റെ ഭാര്യപോലും അവന്റെ സ്വഭാവത്തെ എടുത്തു കാണിക്കുവാനുണ്ടായില്ല - എന്നാൽ തനിക്കു ഒരു സ്നേഹിതൻ ഉണ്ടായിരുന്നു എന്നവൻ തിരിച്ചറിഞ്ഞിരുന്നു:

> എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിയിൽ നില്ക്കുമെന്നും ഞാൻ അറിയുന്നു എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും, അന്യനല്ല, എന്റെ സ്വന്തകണ്ണ് അവനെ കാണും. എന്റെ അന്തരംഗം എന്റെ ഉള്ളിൽ ക്ഷയിച്ചിരിക്കുന്നു ... (ഇയ്യോബ് 19:25-27).

ഞാൻ മരിക്കുന്നതിനു മുമ്പ് ദൈവം അവനെ വീണ്ടെടുക്കുമോ എന്ന് അവനു അറിയില്ലായിരുന്നു. ഈ ലോകത്തിലെ വീണ്ടെടുപ്പിനെ സംബന്ധിച്ചു അവൻ നിരാശനായിരുന്നു. മരണത്താൽ ആ ദു:ഖം നീങ്ങിപോകുവാൻ അവൻ ആഗ്രഹിച്ചു. എങ്ങനെയായാലും, അവനെ പൊടിയിൽ നിന്നു അനശ്വരമായ കണ്ണുകളോടെ ജീവിപ്പിക്കുവാൻ കഴിവുള്ള ജീവിക്കുന്ന വീണ്ടെടുപ്പുകാരനിൽ അവനു ശക്തമായ വിശ്വാസം ഉണ്ടായിരുന്നു.

**ഒരു വീണ്ടെടുപ്പുകാരൻ**

ചിലപ്പോൾ *ഗോ'ഏൽ* എന്ന വാക്ക് പ്രത്യേകമായി ഒരു മറുവില കൊടുക്കുന്നവനെ സൂചിപ്പിക്കുന്നുണ്ട്. ഒരു യിസ്രായേല്യൻ തന്റെ നിലം വില്ക്കുവാൻ നിർബ്ബന്ധിതനാവുകയും, മോശെയുടെ ന്യായപ്രമാണ പ്രകാരം അവന്റെ ഏറ്റവും അടുത്തബന്ധു അതു തിരിച്ചുവാങ്ങുവാൻ വിലകൊടുക്കുന്നു (ലേവ്യാപുസ്തകം 25:23-25) അത്തരം അടുത്ത ബന്ധുവിനെയാണ് *ഗോ'ഏൽ*, വീണ്ടെടുപ്പുകാരൻ എന്നു വിളിക്കുന്നത്. രൂത്തിന്റെ പുസ്തകം നല്ലൊരു ഉദാഹരണമാണ്. നവോമിയുടെ അടുത്ത ബന്ധു വീണ്ടെടുപ്പു അവകാശം നിരസിച്ചപ്പോൾ, ബോവാസ് അവളുടെ *ഗോ'ഏൽ* വീണ്ടെടുപ്പുകാരനായി അവൻ നിലം വാങ്ങുക മാത്രമല്ല, അവന്നു അങ്ങനെ ഒരു മണവാട്ടിയും ലഭിച്ചു.

ബാബേൽ പ്രവാസത്തിലായിരുന്നവർക്കു ദൈവം *ഗോ'ഏൽ,* വീണ്ടെടുപ്പുകാരൻ, മറുവില കൊടുക്കുന്നവൻ ആയി. അവരെ അവൻ സ്വദേശത്തേക്കു മടക്കി കൊണ്ടുവന്നു. സെരുബാബേൽ, എസ്രാ, നെഹെമ്യാവു എന്നിവരുടെ കീഴിൽ പുതിയ ഹൃദയവും പുതിയ ആത്മാവും കൊടുത്തുകൊണ്ടായിരുന്നു (യെഹെസ്കേൽ 36:26) യിസ്രായേലിന്റെ *ഗോ'ഏൽ* ശക്തനായിരുന്നു. അവൻ ഗൗരവമായിത്തന്നെ ജനങ്ങൾക്കുവേണ്ടി വ്യവഹാരം നടത്തി (യിരെമ്യാവു 50:34). അവരുടെ പാത വിശുദ്ധ വഴി എന്നു വിളിക്കപ്പെടും. ഒരശുദ്ധനും അതിലെ കടക്കുകയില്ല; അതു മറുവില കൊടുത്തവർക്കുള്ളതായിരുന്നു. അവർക്കു പുതിയ ഹൃദയവും പുതിയ ആത്മാവും ഉണ്ടായിരുന്നു എങ്കിൽ വിശുദ്ധവഴി അവർക്കു വ്യക്തമായിരിക്കും.

വിദൂരസ്ഥരായവരും നിസാരന്മാരും നീതിയുടെ പെരുവഴിയിൽ നടക്കേണ്ടതു എങ്ങനെ എന്നു മനസ്സിലാക്കും. ദൈവത്താൽ മറുവില കൊടുക്കപ്പെട്ടവർ പാട്ടുപാടി സിയോനിലേക്കു മടങ്ങി വരും; നിത്യ സന്തോഷം അവരിൽ ഇരിക്കും; അവർക്കു ആനന്ദവും പ്രമോദവും ലഭിക്കും, ദുഃഖവും നെടുവീർപ്പും നീങ്ങിപ്പോകും (യെശയ്യാവു 35:8-10) യിസ്രായേലിനെ നിർമ്മിച്ചതു യഹോവയാകുന്നു, അവരുടെ *ഗോ'ഏൽ* മറ്റൊരു വ്യത്യാസം വരുത്തി ''ഞാൻ നിങ്ങളെ വീണ്ടെടുത്തു'' (യെശയ്യാവു 43:1).

വിദേശ ശക്തിയിൽ നിന്നു ജനങ്ങളെ വിടുവിക്കുന്നതിനേക്കാൾ ശക്തമായ ഒന്നായിരുന്നു പാപത്തിൽ നിന്നു വിടുവിക്കുന്നതു (കൊലൊസ്യർ 1:14). തന്നെത്താൻ മറുവിലയായി കൊടുത്ത യേശു മുഖാന്തരമായിരുന്നു ദൈവം ഈ വീണ്ടെടുപ്പു ഒരുക്കിയത് (മത്തായി 20:28). "അവൻ തന്റെ വിലയേറിയ രക്തം നല്കി" (1 പത്രൊസ് 1:19). ഒന്നാമത്തെ നിയമത്തിൻ കീഴിലുണ്ടായിരുന്നവരുടെ അകൃത്യങ്ങളിൽ നിന്നു മാത്രമല്ല (എബ്രായർ 9:15) ''സർവ്വലോകരുടേയും'' അകൃത്യത്തിൽ നിന്നു വീണ്ടെടുക്കുന്നു (1 യോഹന്നാൻ 2:2). യേശു, *ഗോ'ഏൽ* വീണ്ടെടുപ്പുകാരനായി, തന്നെ അനുസരിക്കുന്നവരുടെ "നിത്യ വീണ്ടെടുപ്പുകാരനായി" നിത്യാവകാശത്തിന്റെ വാഗ്ദാനവും നല്കി (എബ്രായർ 9:12, 15).

### "പിതാവു"

നാം മുൻപു സൂചിപ്പിച്ചതുപോലെ ദൈവം അവരുടെ പിതാവായി തീർന്നിട്ടില്ലായിരുന്നു. പിതാവ് എന്ന അവന്റെ പങ്ക്, എങ്ങനെയായാലും, പഴയ നിയമത്തിൽ ഏറ്റവും അനുമോദിക്കത്തക്കതും ഹൃദയസ്പർശിയും ആയിരുന്നു.[1]

### യിസ്രായേൽ ദൈവത്തിന്റെ ആദ്യജാതൻ

യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ സൂചിപ്പിക്കുമ്പോൾ ആലങ്കാരികമായി ദൈവത്തെ പിതാവു എന്നു പറയുന്നുണ്ട്, അവരെ മൊത്തത്തിൽ ഒരു ഘടകമായി - അതായതു ഒരു മകനായി. ''യിസ്രായേൽ എന്റെ മകൻ, എന്റെ ആദ്യജാതൻ'' (പുറപ്പാട് 4:22). ദൈവത്തിന്റെ ആദ്യജാതനായ, യിസ്രായേലിനെ മിസ്രയിം വിട്ടുപോകുവാൻ ഫറവോൻ അനുവദിക്കാതിരുന്നതിനാൽ യഹോവ അവനോടു പറഞ്ഞു, "നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ കൊന്നു കളയും" (പുറപ്പാട് 4:23). ദൈവത്തിന്റെ പുത്രനായ യിസ്രായേൽ ക്രൂരമായ അടിമത്വം അനുഭവിച്ചപ്പോൾ, ദൈവത്തിനു ആ ദേശത്തോടുള്ള പ്രതിപത്തി പൈതൃകരൂപത്തിൽ പ്രകടമാക്കി: ''യിസ്രായേൽ ബാലനായിരുന്നപ്പോൾ, ഞാൻ അവനെ സ്നേഹിച്ചു; മിസ്രയിമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു'' (ഹോശേയ 11:1). സ്നേഹവും താല്പര്യമുള്ള പിതാവായി, യിസ്രായേലിനെ യഹോവ തന്റെ കയ്യിൽ എടുക്കുകയും (ഹോശേയാ 11:3) നടക്കുവാൻ ശീലിപ്പിക്കയും ചെയ്തു.

## ക്രിസ്ത്യാനികൾ ദൈവത്തിന്റെ ആദ്യജാതൻ

യിസ്രായേലിനു പുറമെ മറ്റു ദേശക്കാരും ദൈവത്തിന്റെ മക്കളായിരുന്നു. എല്ലാ ജാതികളും "ദൈവത്തിന്റെ മക്കൾ" ആയിരുന്നു (പ്രവൃത്തികൾ 17:29). അബ്രഹാമിന്റെ അസാധാരണ വിശ്വാസം നിമിത്തം, എങ്ങനെയായാലും, അവന്റെ പിൻഗാമികളായ എബ്രായദേശക്കാർ മറ്റു മക്കളിൽ നിന്നും വ്യത്യസ്തരായി (ദേശക്കാർ) തന്റെ ആദ്യജാതനായി പരിഗണിച്ചിരുന്നു.

ഒരു ഭവനത്തിൽ ആദ്യ ജാതനായി ജനിക്കുന്നതു പ്രശംസ നീയമാണ്. തന്റെ പിതാവിന്റെ സ്വത്തിന്റെ ഇരട്ടി അവകാശം ലഭിക്കുക മാത്രമല്ല (ആവർത്തന പുസ്തകം 21:17), പിന്നെയോ, ആദ്യജാതൻ എന്ന നിലക്ക് അവൻ തന്റെ പിതാവിന്റെ ശക്തിയായി പരിഗണി ക്കപ്പെടും. ആദ്യജാതനെ പിതാവിന്റെ "ബലം" ആയി ആദരിക്കപ്പെടും, അവനായിരിക്കും പദവിയിലും ശക്തിയിലും മുൻഗണന (ഉല്പത്തി 49:3 നോക്കുക). അതുകൊണ്ടു, ആദ്യജാതനായ മകൻ, ഒരു കുടുംബത്തിന്റെ മഹത്വമായി കാണുന്നു.

ദൈവം തന്റെ മക്കളെ ആദരിക്കുവാൻ, ദൈവം യിസ്രായേലിനെ ആദ്യ ജാതനാക്കി മറ്റെല്ലാ ദേശക്കാരിലും പ്രഥമ സ്ഥാനം നല്കി. അതുപോലെ, ക്രിസ്ത്യാനികളെ ആദരിക്കുവാൻ, സഭയെ ആദ്യജാതനായ ആളുകളാക്കി (എബ്രായർ 12:23), അവരുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നു. ഈ ചിത്രീകരണത്തിൽ, സൃഷ്ടിയുടെ അടിസ്ഥാനത്തിൽ എല്ലാ ജനങ്ങളും ദൈവത്തിന്റെ മക്കളാണ് – എന്നാൽ പുതിയ സൃഷ്ടികളായിത്തീരുന്നവർ (2 കൊരിന്ത്യർ 5:17) ക്രിസ്ത്യാനികൾ ദൈവത്തിന്റെ ആദ്യ ജാതനായി പരിഗണിച്ചു അവരിൽ അവൻ പ്രസാദിച്ചു.

## ദൈവത്തിന്റെ മക്കൾ ആയിത്തീരൽ

ഒരു ചിത്രീകരണവും പൂർണ്ണമല്ല. പിതാവു/പുത്രൻ ഒന്ന്, എന്നതു വളരെ യോജ്യമാണെങ്കിലും, തിരഞ്ഞെടുക്കുന്നതിൽ പോരായ്മയുണ്ട്. ജനിച്ചാലും ഇല്ലെങ്കിലും ഒരു കുട്ടിക്കു വലിയ സ്ഥാനമൊന്നുമില്ല, എന്നാൽ ആത്മിയമായി പിതാവിന്റെ ഭവനത്തിലേക്കു ഒരാൾ വീണ്ടും ജനിക്കുവാൻ തിരഞ്ഞെടുക്കുകയാണ് (യോഹന്നാൻ 3:3–8).

സ്വാഭാവിക ജനനത്താലാണ് കുടുംബത്തിലെ അംഗമായി ത്തീരുന്നത്, എന്നാൽ ദത്തെടുക്കുന്നതു മറ്റൊരു കാര്യമാണ്. ദൈവ ഭവനത്തിലേക്കു ആളുകളെ ദത്തെടുക്കുന്നതിനെക്കുറിച്ചു തിരുവെഴു ത്തിൽ പറയുന്നുണ്ട് (ഗലാത്യർ 4:4–7).

## പ്രത്യേക ശ്രദ്ധ

ഒരു പിതാവു മക്കളുടെ ആവശ്യങ്ങൾ നടത്തികൊടുക്കയും അവരെ വ്യക്തിപരമായി ശ്രദ്ധിക്കാതിരിക്കയും ചെയ്യുന്നതു നമുക്കു ഊഹിക്കാനേ കഴിയുകയില്ല.[2] നല്ല പിതാവു പ്രത്യേക ശ്രദ്ധ നല്കും. ദൈവത്തെ ഒരു പിതാവായി തിരുവെഴുത്തു പറയുമ്പോൾ, പ്രത്യേകമായ നല്കലും ഉൾപ്പെടുന്നു. തരം താഴ്ന്ന ഭൗതിക പിതാവു തന്റെ മക്കൾക്കു കല്ലും,

പാമ്പുമല്ല, പിന്നെയോ അപ്പവും മീനും ആണ് നല്കുന്നത്. അപ്പോൾ, സ്വർഗ്ഗീയ പിതാവു തന്റെ മക്കളുടെ ആവശ്യങ്ങളിൽ ദയാലുവും ഹൃദയ സ്പർശിയുമാണ് അവരുടെ കഷ്ടതയിൽ ഒക്കെയും അവൻ കഷ്ടപ്പെട്ടു (യെശയ്യാവു 63:9). "അപ്പനുമക്കളോടു കരുണ തോന്നുന്നതുപോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്നു അവൻ ഓർക്കുന്നു" (സങ്കീർത്തനങ്ങൾ 103:13, 14).

**മൂത്തസഹോദരൻ**

എല്ലാ ക്രിസ്ത്യാനികളുടേയും വലിയ സഹോദരൻ, മൂത്ത സഹോദരനായി യേശുവിനെ ചിത്രീകരിച്ചിട്ടുണ്ട്. അവൻ തന്റെ സഹോദരന്മാരെക്കുറിച്ചു ലജ്ജിക്കുന്നില്ല (എബ്രായർ 2:11). അനേകരിൽ ആദ്യജാതനായതുകൊണ്ട് (റോമർ 8:29), തന്റെ ഇളയ സഹോദരന്മാരോടും സഹോദരിമാരോടും സംസാരിക്കുന്നതിൽ അവനു സന്തോഷമുണ്ട്. അവൻ അവർക്കുവേണ്ടി പിതാവിനോടു സംസാരിക്കുന്നു (1 യോഹന്നാൻ 2:1).

**മക്കളുടെ സ്വഭാവം**

ഒരു കുട്ടി അവന്റെ പിതാവിനെ അനുകരിക്കും. അതുപോലെ, ദൈവത്തിന്റെ മക്കൾ തങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ മുഴുവൻ ആയും അനുസരിക്കത്തക്ക പക്വതയിലെത്തുന്നു. പ്രിയമക്കൾ എന്നപോലെ (എഫെസ്യർ 5:1; മത്തായി 5:48), അവർ പിതാവിനെ അനുകരിക്കുവാൻ ശ്രമിക്കുന്നു സർവ്വശക്തനായ ദൈവത്തിന്റെ മക്കൾ എന്ന നിലക്കു ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും പോക്കി അവർ ശുദ്ധീകരിക്കപ്പെടണം (2 കൊരിന്ത്യർ 7:1). യോഗ്യനായ മകൻ "അപ്പനെ ബഹുമാനിക്കുന്നു" (മലാഖി 1:6). ശരിയായി ചിന്തിക്കുന്ന മകനായാലും പിതാവിനെ ദു:ഖിപ്പിച്ചാൽ അവൻ വേദനിക്കും (എഫെസ്യർ 4:30).

**മറ്റുമക്കൾ**

പൈതൃകമായ ചിത്രീകരണത്തിൽ രക്ഷകർത്താവും മകനും തമ്മിലുള്ള നേരിട്ടുള്ള ബന്ധം മാത്രമല്ല കാണിക്കുന്നത്, മക്കൾക്കു മദ്ധ്യേ "ഏക പിതാവാണ്" ഉള്ളത് (മലാഖി 2:10), അന്യോന്യം മോശമായി ഇടപെടുന്നതു ചിന്തിക്കാനേ കഴിയുകയില്ല. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും ദൈവമക്കളെ സ്നേഹിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളനാകുന്നു (1 യോഹന്നാൻ 4:20). ഒരാൾ പിതാവിനെ സ്നേഹിക്കുന്നു എങ്കിൽ, പിതാവിൽ നിന്നു ജനിച്ചവരേയും അവൻ സ്നേഹിക്കും (1 യോഹന്നാൻ 5:1).

## "ഭർത്താവു"

ദൈവം തന്നെക്കുറിച്ചു മനുഷ്യർക്കു നല്കിയ ഏറ്റവും അടുത്തതും വ്യക്തിപരവുമായ ചിത്രീകരണമാണ് "ഇശ്," "ഭർത്താവു" എന്നത്. ഏകത്വവും തുടർന്നുണ്ടാകുന്ന കൂട്ടും, ആവശ്യപ്രദവും ഉപകാര

പ്രദവുമാണ്, ഭർത്താവിനും ഭാര്യക്കും അതു ആസ്വാദ്യകരമാണെന്നും *'ഇശ്* - ഭർത്താവു/ഭാര്യ - ചിത്രീകരണം എല്ലാറ്റിലും ഏറ്റവും പ്രിയപ്പെട്ടതുമാണ്.

**യിസ്രായേൽ**

യിസ്രായേൽ ഒരു *ഫയാങ്കിശ്* ആയി. ഒരു സ്ത്രീ ''അവളുടെ യുവത്വത്തിൽ'' ആയിരിക്കുന്നതുപോലെ യിസ്രായേലിനെ താരതമ്യം ചെയ്യുന്നുണ്ട് (ഹോശേയാ 2:15) കർത്താവിനെ സ്നേഹിക്കയും അവന്റെ ഇംഗിതം കൈക്കൊള്ളുകയും ചെയ്തു (യിരെമ്യാവു 2:2). കൃഷി ചെയ്യാത്ത നിലത്തിലേക്ക്, മരുഭൂമിയിലേക്കു അവൾ അവനെ അനുഗമിക്കുവാൻ സന്നദ്ധയായി (യിരെമ്യാവു 2:2).

യിസ്രായേൽ ഒരു *വേശ്യയായി.* ആഴമുള്ള സ്നേഹത്തിലും ആശ്രയത്തിലും തുടങ്ങിയ ദാമ്പത്യം കുഴപ്പം പിടിച്ചതായി ഭാര്യ "വേശ്യ ആയി" (യിരെമ്യാവു 3:1) ഒരിക്കലല്ല, പല പ്രാവശ്യം, പല കാമുകരുമായി. "യിസ്രായേൽ ഗൃഹമേ ഒരു ഭാര്യ ഭർത്താവിനോടു വിശ്വാസപാതകം ചെയ്തു അവനെ വിട്ടുകളയുന്നതുപോലെ നിങ്ങൾ എന്നോടു വിശ്വാസ പാതകം ചെയ്തിരിക്കുന്നു എന്നു യഹോവയുടെ അരുളപ്പാട്'' (യിരെമ്യാവ് 3:20). യിസ്രായേലിന്റെ വിഗ്രഹാരാധന, അധാർമ്മികത, അവിശ്വസ്തത എല്ലാം ദൈവത്തിനെതിരായ വ്യഭിചാരമായിട്ടാണ് അവൻ കണക്കാക്കിയത് - അവളുടെ *ഇശ്,* അവളുടെ ഭർത്താവു. വിവാഹ ഉടമ്പടി, ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ ലംഘിച്ചു എന്നു യഹോവയുടെ അരുളപ്പാട് (യിരെമ്യാവു 31:32) ജനങ്ങൾ ദൈവത്തിൽ നിന്നകന്നു ''കഠിന പരസംഗം ചെയ്തിരിക്കുന്നു'' (ഹോശേയ 1:2).

''യിസ്രായേൽ കുണുക്കും ആഭരണങ്ങളും കൊണ്ടു തന്നെ അലങ്കരി[ച്ചു] തന്റെ ജാരന്മാരെ പിന്തുടർ[ന്നു] എന്നെ മറന്നു കളഞ്ഞു, എന്നു യഹോവയുടെ അരുളപ്പാട്" (ഹോശേയാ 2:13). അവൾ "നാണം കെട്ട വേശ്യയുടെ പ്രവൃത്തികൾ ചെയ്തു" (യെഹസ്ക്കേൽ 16:30). അവൾ സ്വന്ത ഭർത്താവിനു പകരം ''അന്യന്മാരെ പരിഗ്രഹിച്ചു'' (യെഹസ്ക്കേൽ 16:32). ''യിസ്രായേലേ,'' ''നീ,'' ''വ്യത്യസ്ത രായിരിക്കുന്നു" (യെഹെസ്ക്കേൽ 16:34). "നീ സമ്മാനം വാങ്ങുകയല്ല, കൊടുക്കുകയത്രേ ചെയ്യുന്നത്" (യെഹസ്ക്കേൽ 16:33). "മക്കളെയും ഭർത്താവിനെയും വെറുക്കുന്ന" സ്ത്രീയെ പോലെ ആയി യിസ്രായേൽ (യെഹസ്ക്കേൽ 16:45), പരസംഗം ചെയ്യുകയും ചെയ്തു (യെഹസ്ക്കേൽ 16:38).

യിസ്രായേൽ വീണ്ടും അവകാശപ്പെട്ടു. അവിശ്വസ്തയായി മറ്റൊരാളുടെ ഭാര്യയായിത്തീർന്ന സ്ത്രീയെ വീണ്ടും സ്വീകരിക്കുന്നതു ന്യായപ്രമാണം വിലക്കിയിരുന്നു എങ്കിലും (ആവർത്തനപുസ്തകം 24:1-4), യിസ്രായേലിന്റെ ഭർത്താവു അപേക്ഷിച്ചു, ''... എന്റെ അടുക്കലേക്കു വീണ്ടും മടങ്ങി വരുവിൻ" (യിരെമ്യാവു 3:1); കെജെവി. "മടങ്ങി വരുവിൻ ..." (യിരെമ്യാവു 3:14). യിസ്രായേലിന്റെ ഭർത്താവായ, ദൈവം, അപ്പോഴും അവിശ്വസ്തയായ തന്റെ ഭാര്യയെ സ്നേഹിച്ചു.

അവൻ അവളുടെ ഹൃദയത്തോട് സംസാരിക്കുകയും (ഹോശേയാ 2:14) “അവളുടെ യൗവന കാലത്തിലെന്നപോലെയും അവൾ മിസ്രയിമിൽ നിന്നു പുറപ്പെട്ടതുപോലെയും” പുതിയ ആലോചന നല്കുകയും ചെയ്തു (ഹോശേയാ 2:15). പുതിയ നിർദ്ദേശം ഒരു ശക്തമായ അടിസ്ഥാനത്തിന്മേലായിരുന്നു:

> ഞാൻ നിന്നെ സദാ കാലത്തേക്കും എനിക്കു വിവാഹത്തിനു നിശ്ചയിക്കും; അതേ, നീതിയോടും, ന്യായത്തോടും, ദയയോടും, കരുണയോടും കൂടെ നിന്നെ എനിക്കു വിവാഹത്തിനു നിശ്ചയിക്കും, ഞാൻ വിശ്വസ്തതയോടെ നിന്നെ എനിക്ക് വിവാഹത്തിന് നിശ്ചയിക്കും. നീ യഹോവയെ അറികയും ചെയ്യും (ഹോശേയാ 2:19, 20).

“അന്നാളിൽ” യഹോവ പറഞ്ഞു, “... ഈശ ...” - എന്റെ ഭർത്താവേ എന്നു വിളിക്കും (ഹോശേയാ 2:16).

ഹൃദയ സ്പർശിയായ ഒരു ചിത്രീകരണം. ഹോശേയാവിന്റെ പുസ്തകത്തിന്റെ ഏറ്റവും സാധ്യതയുള്ള വ്യാഖ്യാനം ദൈവം (ഹോശേയാവിനാൽ പ്രതിനിധാനം ചെയ്യുന്നു) അവിശ്വസ്തയായ ഭാര്യ ഭർത്താവിനെ തള്ളിപ്പറഞ്ഞു എങ്കിലും (അതു ഗോമെറിനെ പ്രതിനിധാനം ചെയ്യുന്നു) അവന്റെ ഹൃദയത്തിലേക്കു സ്വീകരിക്കുന്നു. ഈ വ്യാഖ്യാനം ശരിയാണെങ്കിൽ, ഹോശേയാ ഒരു വിശുദ്ധയായ സ്ത്രീയെയാണ് വിവാഹം ചെയ്തിരുന്നത്, അതു ദൈവം യിസ്രായേലിനെ ആദ്യം സ്വീകരിച്ചതും അങ്ങനെയായിരുന്നു. തുടർന്നു, യിസ്രായേലിനെ പോലെ, ഗോമെറും, അവിശ്വസ്തയായി, പരസംഗത്താൽ മക്കളെ ജനിപ്പിച്ചു. വിചാരിക്കാനാകാത്ത സ്വഭാവം വന്നിട്ടും ഗോമെറിനെ തന്റെ പ്രിയപ്പെട്ട ഭാര്യയായി സ്വീകരിക്കുവാൻ മനസ്സായി. ഹോശേയാ സ്നേഹിച്ചതുപോലെ ആഴത്തിൽ മിക്ക ഭർത്താക്കന്മാരും സ്നേഹിക്കയില്ല. നിയമപരമായി അവനു ഗോമെറിനെ ഉപേക്ഷിക്കുവാനോ അല്ലെങ്കിൽ കല്ലെറിയുകയോ ചെയ്യാമായിരുന്നു (ആവർത്തന പുസ്തകം 22:22; 24:1). പകരം അവൻ പ്രിയയായി അവളോടു സംസാരിച്ചു.

ഹോശേയാവിന്റെ അപേക്ഷ ഗോമെർ കേട്ടു പ്രതികരിക്കയും മടങ്ങിപ്പോവുകയും ചെയ്തു; എന്നാൽ രണ്ടാമതും അലഞ്ഞുതിരിഞ്ഞു, മറ്റു ജാരന്മാരെ തിരഞ്ഞുപോയി. ഗോമെറിനു ജാരന്മാരെ ആകർഷിക്കുവാനുള്ള കഴിവു മങ്ങിപ്പോയി എന്ന ഒരു സൂചന ഹോശേയാ 3:2-ൽ നാം കാണുന്നുണ്ട്; നിരാശയിലായിത്തീർന്നപ്പോൾ അവൾ തന്നെ ആഹാരത്തിനും താമസത്തിനും അടിമയായി വിറ്റു. എന്നാൽ ഹോശേയാക്കു അപ്പോഴും തന്റെ അവിശ്വസ്തയായ ഗോമേറിനോടു പ്രതിപത്തിയുണ്ടായിരുന്നു, അതുകൊണ്ട് അവളെ അടിമത്വത്തിൽ നിന്നു വില കൊടുത്തു വാങ്ങുവാൻ ആഗ്രഹിച്ചു. അവന്റെ കയ്യിൽ അതിനു വേണ്ടതിന്റെ പകുതി പണമേ ഉണ്ടായിരുന്നുള്ളു, പതിനഞ്ചു ശേക്കേൽ വെള്ളി മാത്രം (പുറപ്പാട് 21:32); പക്ഷെ അവന്റെ കയ്യിൽ ഒന്നര ഹോമർ ബാർലി ഉണ്ടായിരുന്നു, അതു, വെള്ളിയോടുകൂടെ ചേർത്തുകഴിഞ്ഞപ്പോൾ

ഗോമെറിനെ സ്വതന്ത്രയാക്കുവാൻ കഴിഞ്ഞു. ഹോശേയാവീണു തന്റെ മോശമായ ഭാര്യയോടുണ്ടായിരുന്ന ആഴമേറിയ സ്നേഹം പോലെ തെറ്റിപോയ യിസ്രായേലിനോടു ദൈവത്തിനു ആഴമേറിയ സ്നേഹം തുടർന്നുണ്ടായിരുന്നു.

**സഭ**

പഴയ നിയമത്തിൽ യഹോവ യിസ്രായേലിനെ വിവാഹം ചെയ്തിരിക്കുന്നു എന്നു പറഞ്ഞതുപോലെയാണ് പുതിയ നിയമ സഭയും; തന്റെ മഹത്വമായ മണവാട്ടിയെ കറയും കളങ്കവുമില്ലാതെ വിലക്കു വാങ്ങുവാൻ വേണ്ടിയതൊക്കെ കൊടുക്കുവാൻ തക്ക സ്നേഹവും ശക്തിയും ക്രിസ്തുവിനുണ്ടായിരുന്നു.

പുതിയ നിയമത്തിൽ ഭർത്താവു എന്ന നിലയിൽ ക്രിസ്തുവിന്റെ രണ്ടു കാര്യങ്ങൾ പുതിയ നിയമത്തിലുണ്ട്. ഒന്നിൽ, അവൻ മുന്നറിയിപ്പു നല്കിയ മണവാളനാണ്, അവന്റെ നിർദ്ദേശം സ്വീകരിച്ചിരിക്കുന്നു (വെളിപ്പാട് 19:7-9), അതു ഒരു പാപി അവനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോഴാണ്. സ്നാനം എന്നതു ഈ ചിത്രീകരണം അനുസരിച്ചു, ക്രിസ്തുവിന്റെ നിർദ്ദേശം സ്വീകരിക്കുന്നതും വിവാഹം ചെയ്യാമെന്ന അടയാളവുമാണ്. ക്രിസ്തീയ ജീവിതം മുഴുവൻ ഒരുക്കമുള്ളതാകുന്നു (നീതി ധരിച്ചുകൊണ്ട്) വിവാഹ നാളിനായി ഒരുങ്ങുന്നു. കുഞ്ഞാടിന്റെ കല്ല്യാണനാൾ വരുമ്പോൾ, കാന്ത തന്നെത്താൻ ഒരുക്കുന്നു. പിന്നെ, വിവാഹശേഷം, അവർ സ്വർഗ്ഗത്തിൽ സന്തോഷമായി എന്നേക്കും ജീവിക്കും.

ക്രിസ്തു ഭർത്താവായുള്ള മറ്റൊരു ചിത്രീകരണത്തിൽ, സ്നാന സമയത്തു പാപിയേശുവിനെ വിവാഹം ചെയ്യുന്നു (എഫെസ്യർ 5:22-32; റോമർ 7:4). പിന്നെ ക്രിസ്ത്യാനിയുടെ ജോലി കറയും കളങ്കവും ഇല്ലാതെ ജീവിച്ചു യോഗ്യമായ മണവാട്ടിയായിരിക്കുക എന്നതാണ്.

ബൈബിളിൽ ഏറ്റവും പ്രിയപ്പെട്ടതാണ് ദൈവികത്വത്തെ ചിത്രീ കരിക്കുന്ന "ഈശ്," "ഭർത്താവു." പഴയ നിയമത്തിലും പുതിയ നിയ മത്തിലും പരിശുദ്ധാത്മാവു ഉപയോഗിച്ചിരിക്കുന്നതു അങ്ങനെയാണ്.

## "രക്ഷകൻ"

ദൈവം അവരുടെ മശിഹാ, രക്ഷകൻ എന്നു യെശയ്യാവു പറഞ്ഞ പ്പോൾ, ബാബിലോണിൽ നിന്നു പുറത്താക്കിയ യെഹൂദന്മാർക്കു എത്ര ആവേശം ഉണ്ടായിക്കാണും! പ്രവാസത്തിൽ നിന്നു ദൈവം അവരെ രക്ഷിക്കുമെന്നും അവരുടെ സ്വദേശത്തേക്കു തിരിച്ചു കൊണ്ടു വരുമെന്നും വാഗ്ദാനം ചെയ്തിരുന്നു. യെശയ്യാവു 43:3-7 പറയുന്നു,

> നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനും ആയ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ;
>
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
>
> ദൂരത്തുനിന്നു എന്റെ പുത്രന്മാരോടും ഭൂമിയുടെ അറ്റത്തു നിന്നു എന്റെ പുത്രിമാരെയും

എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിനായി സൃഷ്ടിച്ചു
നിർമ്മിച്ചു ഉണ്ടാക്കിയും
ഇരിക്കുന്ന ഏവരേയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

പിതാവായ ദൈവം യേശുവിനോടുകൂടെ സ്വർഗ്ഗീയ പദ്ധതി പ്രകാരം ബാബിലോണിൽ മശിഹയായി യെഹൂദന്മാർക്കിടയിൽ യേശു പ്രവർത്തിച്ചു. അവൻ യേശു എന്നു വിളിക്കപ്പെടുന്നതിനു മുൻപു തന്നെ അവൻ ''യാക്കൊബിൻ ഗോത്രങ്ങളെ എഴുന്നേല്പിക്കുമെന്നും,'' ''യിസ്രായേലിലെ സൂക്ഷിക്കപ്പെട്ടവരെ തിരിച്ചു വരുത്തുമെന്നും'' പറഞ്ഞിരുന്നു (യെശയ്യാവു 49:6). "എല്ലാ സാമ്രാജ്യങ്ങളിലും കല്പന പുറപ്പെടുവിക്കുവാൻ പാർസിരാജാവായ കോരശിന്റെ മനസ്സിനെ ഉണർത്തിയതു" വഴിയാണ് യേശു ഇതു നിവർത്തിച്ചത് (എസ്രാ 1:1). അങ്ങനെ യെഹൂദന്മാരെ അവരുടെ സ്വദേശത്തേക്കു മടങ്ങിപോകുവാൻ അനുവദിച്ചു.

ദൈവം മശിഹയായ യേശുവിൽ കൂടെ യെഹൂദന്മാരെ വിദേശത്തു നിന്നു രക്ഷിക്കുക മാത്രമല്ല ചെയ്തതു, പിന്നെയോ ചില ആത്മിയ കാര്യങ്ങളും പ്രവചിക്കയുണ്ടായി. അവൻ ജാതികളെ പാപാന്ധകാരത്തിൽ നിന്നു രക്ഷിക്കും. ദൈവം യേശുവിനോടു പറഞ്ഞു, "എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന്നു ഞാൻ നിന്നെ ജാതികൾക്കു പ്രകാശമാക്കി വെച്ചിരിക്കുന്നു" (യെശയ്യാവു 49:6). ഈ മഹത്വകരമായ പദ്ധതി നിറവേറ്റുവാൻ ദൈവം തന്നെ ജഡത്തിലായി മറിയയിൽ ജനിച്ചു. അവൻ മുൻ പറഞ്ഞ ദൗത്യം അനുസരിച്ചു, തന്റെ ജനത്തിന്റെ പാപങ്ങളെ മോചിപ്പാനിരിക്കകൊണ്ടു അവന്നു യേശു എന്നു പേരിട്ടു.

ബാബിലോണിൽ നിറവേറ്റിയതിനേക്കാൾ ശ്രേഷ്ഠമായ ഒരു ദൗത്യം ബേത്ത്ലഹേമിൽ നിർവ്വഹിക്കുവാൻ ദൈവം ജഡത്തിൽ, ദൈവം ക്രിസ്തുവിൽ ആയി. ദൈവം മശിഹ ആയി – അതെ, യേശു – പാപത്തിന്റെ അടിമത്വത്തിൽ നിന്നും കുറ്റത്തിൽ നിന്നും ആത്മാക്കളെ രക്ഷിപ്പാൻ വന്നു. ദൈവിക പദ്ധതിയും പ്രവചനവും അനുസരിച്ചു, ദൈവത്തിന്റെ രക്ഷാപ്രവൃത്തി യെഹൂദന്മാർക്കപ്പുറം എത്തുന്നു. "പരിമിത പ്രവൃത്തി, അവന്നു ഒരു ചെറിയ കാര്യമാണ്" (യെശയ്യാവു 49:6). ദൈവ സ്നേഹത്തിന്റെ ആഴവും, വീതിയും, നീളവും, ഉയരവും വെച്ചു നോക്കിയാൽ വളരെ കുറച്ചു മാത്രം മനസ്സിലാകും. തീർച്ചയായും, കൊർന്നെല്യൊസിന്റെ ഭവനത്തിൽ തുടങ്ങി, സകല ജാതികളും അവന്റെ "നീതിയെയും, സകല രാജാക്കന്മാരും [അവന്റെ] മഹത്വത്തെയും കാണും" (യെശയ്യാവ് 62:2), രക്ഷാ സന്തോഷത്താൽ ആനന്ദിക്കയും ചെയ്യും.

തൽഫലമായി മശിഹ എന്ന പേരിൽ, യേശു - രക്ഷകനും ദൈവവുമായി - ഉച്ചസ്ഥാനത്തെത്തി. യേശുവിന്റെ നാമത്തിങ്കൽ എല്ലാമുഴങ്കാലും മടങ്ങുകയും യേശുക്രിസ്തു കർത്താവു എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും (ഫിലിപ്പിയർ 2:10, 11).

**ഉപസംഹാരം**

ദൈവം തന്റെ ജനത്തിനുവേണ്ടി പ്രവൃത്തിക്കുന്നു. അവൻ അവരുടെ ന്യായാധിപതി, ഇടയൻ, രാജാവായിത്തീർന്നു. അവന്റെ ശ്രദ്ധയും കരുതലും അവന്റെ കല്പനകളിലും, വീണ്ടെടുപ്പുകാരനിലും പിതാവിലും ഉണ്ട്. ഒരു പുരുഷന്നു തന്റെ ഭാര്യയോടുള്ള ബന്ധം പോലെയാണ് തന്നെ അനുസരിക്കുന്നവരോടുള്ള അവന്റെ സ്നേഹം; അതുകൊണ്ട് തന്റെ അനുയായികൾക്കു ദൈവം ഒരു ഭർത്താവായിരിക്കും എന്നു പറഞ്ഞിരിക്കുന്നു. കൂടാതെ അവൻ അവരെ കുഴപ്പങ്ങളിൽ നിന്നു വിടുവിക്കുന്ന രക്ഷകൻ ആയിരിക്കും.

ദൈവത്തോടുകൂടിയുള്ള നമ്മുടെ ദൈനന്തിന നടപ്പിൽ, നാം അവനെ, നമ്മെ കരുതലോടെ, സ്നേഹത്തോടെ നിരന്തരം കാത്തു പരിപാലിച്ചു, നയിക്കുന്നവനായി നാം കാണണം. ആ ഏക സത്യദൈവത്തിനു മാത്രം നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റാൻ കഴിയും.

---

കുറിപ്പുകൾ

[1]പുതിയ നിയമ പിതാവ്/ദൈവം എന്നതു പഴയ നിയമ യഹോവ/ദൈവംപഴയ നിയമ വാക്യങ്ങളിൽ പലതും സങ്കീർത്തനങ്ങൾ 68:5; 89:26; 103:13, 14; സദൃശവാക്യങ്ങൾ 3:12; യെശയ്യാവു 43:6; 63:16; 64:8; യിരെമ്യാവു 31:9; ഹോശേയാ 1:10 എന്നീ വാക്യങ്ങൾ അടക്കം അവഗണിക്കുന്നു എന്ന ആരോപണം ഉണ്ട്.[2]ദൈവം ദാതാവായി നമുക്കുണ്ടെന്നു കൂടുതൽ പഠിക്കുവാനായി ഈ പുസ്തകത്തിൽ മുൻപു കണ്ട പാഠം "യാഹ്‌വേ, കർത്താവു" എന്നതു നോക്കുക.

---

**"ദാസൻ"**

ദൈവം ആദ്യമായി യിസ്രായേലിനെ *'ഏദ്*, "ദാസൻ," എന്നു പറയുകയുണ്ടായി. ആ ദേശത്തുള്ള ജനങ്ങൾ ദൈവജനമായിരുന്നു, അബ്രഹാമിന്റെ വിശ്വാസം ഉള്ളവരെ ലോകത്തിൽ നിന്നു ക്രിസ്തുവിലേക്കു തിരഞ്ഞെടുക്കുന്നു. ദൈവ ദൃഷ്ടിയിൽ, യിസ്രായേൽ, അവന്റെ *'ഏദ്*, പ്രിയരും വിലയേറിയവരും ആയിരുന്നു (യെശയ്യാവു 43:4); എങ്കിലും ഈ ദാസൻ അന്ധനും കുരുടനും ആയി ദൈവത്തെ നിരാശപ്പെടുത്തി (യെശയ്യാവു 42:19). ആളുകൾ തങ്ങളുടെ ശക്തി മായക്കായി ചെലവിട്ടു (യെശയ്യാവു 49:4) പാപം ചെയ്തു (യെശയ്യാവു 44:21, 22). അവർ പുഴുവായി എന്നു പറഞ്ഞിരിക്കുന്നു (യെശയ്യാവു 41:14).

അതുകൊണ്ടു ദൈവം ഒരു പുതിയ *'ഏദി*നെ തിരഞ്ഞെടുത്തു (യെശയ്യാവു 42:1) അവനിൽ അവന്റെ ആത്മാവു സന്തോഷിച്ചു. ഒരു ദാസനായി അവന്റെ പ്രവൃത്തി മറ്റൊരു *ഏദി*നെ, യിസ്രായേലിനെ തിരഞ്ഞെടുത്തു, അവന്റെ പാപങ്ങളെ വഹിച്ചു. ഈ *'ഏദ്* യിസ്രായേലിനെ; മാത്രം സഹായിക്കുന്ന പരിധിയിലല്ല (യെശയ്യാവു 49:1). രക്ഷ ഭൂമിയുടെ അറുതി വരെ (യെശയ്യാവ് 49:6). ഈ തികഞ്ഞ *'ഏദ്*

ബുദ്ധിയോടെ കാര്യം നടത്തും ഒരിക്കലും പരാജയപ്പെടുകയോ തളർന്നു പോകയോ ചെയ്കയില്ല (യെശയ്യാവു 42:4; 52:13). അവൻ ഒരു പൗരോഹിത്യ പാപ-വാഹകൻ ആയിരിക്കും (യെശയ്യാവു 53:5,6).

ഈ മാതൃകാ *'ഏദ്'* സ്വർഗ്ഗത്തിൽ വമ്പിച്ചവനും ദൈവ സ്വഭാവത്തിൽ പങ്കാളിയും ആയിരുന്നു; അവൻ ദൈവം ആയിരുന്നു (യോഹന്നാൻ 1:1) എങ്ങനെയായാലും, ദൈവത്തിന്റെ *'ഏദ്'* ആകുവാൻ അവൻ തന്റെ സ്വർഗ്ഗീയ നിലവാരം മുറുകെ പിടിച്ചില്ല, തന്നെത്താൻ താഴ്ത്തി ദാസ രൂപം എടുത്തു (ഫിലിപ്പിയർ 2:6, 7). അവൻ ഭൂമിയിൽ ദാസന്മാരിൽ വെച്ചു താഴ്മയുള്ളവനായി, ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷ ചെയ്‌വാനത്രേ വന്നതു (മത്തായി 20:25-28). രൂപത്തിൽ മാത്രമല്ല, ഹൃദയത്തിലും അവൻ നമ്മുടെ *'ഏദ്'* ആയി. അഴുക്കുള്ള കാൽ കഴുകുന്നതു മോശമായിട്ടോ ലജ്ജയായിട്ടോ അവനു തോന്നിയില്ല; എന്നാൽ, അവന്റെ താഴ്ന്ന പ്രവൃത്തി പാപവാഹകന്റെ സേവന മനോഭാവത്തെയാണ് കാണിച്ചത്. അവന്റെ ജഡം, ക്രൂശിലേക്കു നിരപ്പിനായി, എത്തിച്ചു, പക്ഷെ അവന്റെ ആത്മാവു ജഡത്തേക്കാൾ ശക്തമായിരുന്നു. ഹൃദയത്തിൽ മടുപ്പില്ലാതെ, ഒരു ദാസന്റെ സേവന സന്നദ്ധനായിരുന്നു അവനിൽ, "പുത്രനെങ്കിലും അവൻ അനുസരണം പഠിച്ചു" (എബ്രായർ 5:8, 9).

ക്രൂശിന്മേൽ, യേശുവിന്റെ ആത്മാവിനുനേരിടേണ്ടിവന്ന മരണ വേദന അവന്റെ പിതാവു കണ്ടു. ലോകത്തിന്റെ പാപങ്ങൾക്കുള്ള വില കൊടുക്കുവാൻ അത്തരം വേദന അനിവാര്യമെന്നു ദൈവം പറഞ്ഞു. ദൈവം അവനെ മരിച്ചവരിൽ നിന്നുയർപ്പിച്ചു, ഏറ്റവും താഴ്ന്ന ദാസനെ, സകല നാമത്തിലും മേലായ നാമം കൊടുത്തു സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിൽ ഇരുത്തി. നമ്മുടെ *'ഏദ്'* ആയ യേശു, ദൈവ ദാസനായി, എല്ലാവരുടേയും ദാസനായി ഭൂമിയിൽ വന്നു, എങ്കിലും അവസാനം അവനു പ്രപഞ്ചത്തിൽ മുഖ്യസ്ഥാനം ലഭിച്ചു. ശുശ്രൂഷയാൽ അവൻ ശ്രേഷ്ഠനായിത്തീർന്നു.

---

### *'എൽറോ'യി*: "കാണുന്ന ഒരു ദൈവം"

മിസ്രയിം അടിമ പേൺകുട്ടി ആയിരുന്ന ഹാഗാർ, തന്റെ യജമാനത്തി സാറയിൽ നിന്നും ഓടിപ്പോയി, എന്നാൽ ദൈവം അവളെ കരുതിയതിൽ അവൾ അതിയായി സന്തോഷിച്ചു. അവൾ തനിച്ചാണെന്നു ഓർത്തപ്പോൾ അവൻ അവളുടെ ദു:ഖാവസ്ഥ കണ്ടു (ഉല്പത്തി 16).

ദൈവം (അല്ലെങ്കിൽ ഒരു പ്രത്യേക പ്രതിനിധി ദൈവം എന്ന പോലെ) സംസാരിക്കുമ്പോൾ, ഹാഗാർ തന്റെ സന്തോഷത്താൽ ദൈവത്തെ *'എൽ'റോയി* "കാണുന്ന ഒരു ദൈവം" എന്നു വിളിച്ചു (ഉല്പത്തി 16:13). ദൈവത്തെ "ശക്തനായവൻ," എന്നു അവൾ പറയുമ്പോൾ മൂന്നു വസ്തുതകൾ ദൈവികത്വത്തിൽ അടങ്ങിയിട്ടുണ്ട്: അവൻ ശക്തനാണ്; അവൻ കാണുന്നവനാണ്; ഏകാന്തമായിരിക്കുമ്പോഴും, തകർന്നിരിക്കുമ്പോഴും അവൻ കരുതുന്നവനാണ്.

***ഹായിറോ'യി*: "ജീവിക്കുന്നവൻ എന്നെ കാണുന്നു"**

ഉല്പത്തി 16:14-ൽ ഹാഗാർ ദൈവത്തെ സൂചിപ്പിച്ചു പറഞ്ഞ വാക്കിൽ അല്പം വ്യത്യാസം കാണുന്നുണ്ട്: *ഹായി'റോയി*, "ജീവിക്കുന്നവൻ എന്നെ കാണുന്നു." ദൈവദൂതൻ ഹാഗാറിനോടു സംസാരിക്കുമ്പോൾ, ഹാഗാർ ശൂരിലേക്കുള്ള വഴിയിലെ വെള്ള ച്ചാട്ടത്തിനടുത്തായിരുന്നു. ആ വെള്ളച്ചാട്ടത്തെ "*ഹായി റോയി*യുടെ കിണർ" എന്നു വിളിച്ചു. ഹാഗാർ ദൈവത്തെ വിവരിച്ചു പറഞ്ഞതിൽ കൂടുതൽ ചിന്ത നല്കുന്നു: തന്നെ കാണുന്ന, ശക്തനാണ് ദൈവം എന്നു അവൾ പറഞ്ഞു, ആ കിണറ്റിനു പേരിട്ടുകൊണ്ടു, ആരോ അവൻ ജീവിക്കുന്നവനാണ് എന്നുകൂടെ ചേർത്തു.

© 2009 Truth for Today